(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട്

1 [3052] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണ പരിഷ്ക്കാരത്തിന് ഏതെങ്കിലും കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിലായി ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു കമ്മീഷനും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) ഏറ്റവുമൊടുവിലായി ഭരണ പരിഷ്കാര കമ്മിറ്റിയെ നിയമിച്ചത് 26-5-1997-ലാണ്.

(സി ആന്റ് ഡി) ഈ കമ്മിറ്റി പതിനഞ്ച് റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഫയൽ തീർപ്പാക്കൽ

2 [3053] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയുടെ ഭാഗമായി നടത്തിയ ഫയൽ തീർപ്പാക്കൽ പദ്ധതിയിൽ വിവിധ വകുപ്പുകളിൽ പ്രശ്നങ്ങൾ പരിഹരിക്കാതെ ആയിരക്കണക്കിന് ഫയലുകൾ ക്ലോസ് ചെയ്തതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) പ്രശ്നങ്ങൾ പരിഹരിക്കാതെ ക്ലോസ് ചെയ്ത ഫയലുകളുടെ വിശദാംശങ്ങൾ ശേഖരിക്കുമോ;

---

† അനുബന്ധം IV കാണുക

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[18-3-2005-ലെ 1(3052)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

കേരള ഭരണ പരിഷ്ക്കാര കമ്മിറ്റി സർക്കാരിന് സമർപ്പിച്ച 15 റിപ്പോർട്ടുകളെ സംബന്ധിച്ച വിവരം

സംസ്ഥാനത്തെ നിലവിലുള്ള ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി ശ്രീ. ഇ. കെ. നായനാർ ചെയർമാനായി 26-5-1997-ൽ രൂപീകരിച്ച ഭരണ പരിഷ്ക്കാര കമ്മിറ്റി അന്തിമ റിപ്പോർട്ടുൾപ്പെടെ പതിനഞ്ചു റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ താഴെ പറയുന്ന റിപ്പോർട്ടിലെ മിക്ക ശുപാർശകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അവ നടപ്പിലാക്കി വരികയും ചെയ്യുന്നു.

1. ഒന്നാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 30/99/ഉഭപവ തീയതി 21-12-1999.

2. രണ്ടാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 26/99/ഉഭപവ തീയതി 14-12-1999.

3. മൂന്നാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 28/99/ഉഭപവ തീയതി 17-12-1999. ജി. ഒ. (എം. എസ്.) 2/2000/ഉഭപവ തീയതി 2-2-2000.

4. നാലാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 27/99/ഉഭപവ തീയതി 17-12-1999.

5. ആറാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 20/2000/ഉഭപവ തീയതി 21-8-2000.

6. എട്ടാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 10/03/ഉഭപവ തീയതി 12-5-2003.

7. പത്താമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 9/03/ഉഭപവ തീയതി 30-4-2003.

8. പതിനൊന്നാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 14/03/ഉഭപവ തീയതി 29-5-2003.

9. പന്ത്രണ്ടാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 32/03/ഉഭപവ തീയതി 6-10-2003.

10. പതിമൂന്നാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 35/03/ഉഭപവ തീയതി 5-12-2003.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

ശുപാർശകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവായ റിപ്പോർട്ടുകളുടെ പുരോഗതി അവലോകനം:

1. ഒന്നാമത് റിപ്പോർട്ട്:—ജി. ഒ. (എം. എസ്.) 30/99/ഉഭപവ തീയതി 21-12-1999.

ശുപാർശകൾ

1. പൗരാവകാശ പത്രിക (സിറ്റിസൺസ് ചാർട്ടർ)
2. സുതാര്യതയും അറിയുവാനുള്ള അവകാശവും
3. പൊതുജന പരാതി പരിഹാരം
4. അധികാര വികേന്ദ്രീകരണവും ഭരണ പരിഷ്കാരവും
5. മോണിട്ടറിംഗ്

പൊതുജനങ്ങളുമായി നേരിട്ടു ബന്ധമുള്ള എല്ലാ സർക്കാർ വകുപ്പുകളോടും ഏജൻസികളോടും സിറ്റിസൺസ് ചാർട്ടർ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ മേൽപറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻപ്രകാരം താഴെ പറയുന്ന വകുപ്പുകൾ ഇതിനോടകം സിറ്റിസൺസ് ചാർട്ടർ തയ്യാറാക്കിയിട്ടുണ്ട്.

1. വ്യവസായ വകുപ്പ്
2. സിവിൽ സപ്ലൈസ് വകുപ്പ്
3. കേരള സംസ്ഥാന ലാന്റ് യൂസ് ബോർഡ്
4. സംസ്ഥാന ലോട്ടറി വകുപ്പ്
5. സെന്റർ ഫോർ വാട്ടർ റിസോഴ്സ്സ്
6. മൃഗസംരക്ഷണ വകുപ്പ്
7. ക്ഷീര വികസന വകുപ്പ്
8. കിർത്താഡ്സ്
9. പട്ടികജാതി വികസന വകുപ്പ്
10. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്
11. സാമൂഹ്യ ക്ഷേമ വകുപ്പ്
12. പട്ടിക വർഗ്ഗ വികസന വകുപ്പ്
13. സൈനിക ക്ഷേമ വകുപ്പ്
14. ഷിപ്പിങ്ങ് ആന്റ് ഇൻലൻഡ് നാവിഗേഷൻ കോർപ്പറേഷൻ
15. ട്രഷറി വകുപ്പ്
16. എക്സൈസ് വകുപ്പ്
17. സഹകരണ വകുപ്പ്
18. ആഭ്യന്തര വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

19. ഫയർഫോഴ്സ് വകുപ്പ്

20. ഡ്രഗ്സ് കൺട്രോൾ വകുപ്പ്

21. ഗവൺമെന്റ് ആയുർവേദ കോളേജ്

മറ്റ് വകുപ്പുകളിലും സിറ്റിസൺസ് ചാർട്ടർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്ക് അറിയുവാനുള്ള അവകാശം ഉറപ്പുവരുത്തുന്നതിനായി നിയമസഭയിൽ ബിൽ അവതരിപ്പിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. ഇതിനായി ഇതര സംസ്ഥാനങ്ങളിലെയും കേന്ദ്ര ഗവൺമെന്റിന്റെയും സമാന സ്വഭാവമുള്ള ബിൽ ലഭ്യമാക്കിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കാനുള്ള നടപടികൾ പബ്ളിക് റിലേഷൻസ് വകുപ്പിൽ എടുത്തു വരുന്നു.

പൊതുജന പരാതി പരിഹാര സെല്ലും എൻക്വയറി കൗണ്ടറും താഴെ പറയുന്ന വകുപ്പുകളിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

1. സഹകരണ വകുപ്പ്
2. സിവിൽ സപ്ലൈസ് വകുപ്പ്
3. തുറമുഖ വകുപ്പ്
4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
5. മത്സ്യഫെഡ്
6. ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗ്
7. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്
8. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്

മറ്റ് വകുപ്പുകളിലും ഇവ ആരംഭിക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു.

അധികാര വികേന്ദ്രീകരണം സംബന്ധിച്ച നടപടികൾ എല്ലാ വകുപ്പുകളിലും എടുത്തു വരുന്നു. പല വകുപ്പുകളിലും പഞ്ചായത്ത് തലത്തിലേക്ക് മാറ്റേണ്ടതായ അധികാരങ്ങൾ മറ്റുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞു. വകുപ്പുതലവൻമാരുടെ ധനപരവും ഭരണപരവുമായ അധികാരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു. ഇതു സംബന്ധിച്ച പുരോഗതി വിലയിരുത്താൻ പല വകുപ്പുകളിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

2. രണ്ടാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 26/99/ഉഭപവ തീയതി 14-12-1999. ഹാജർ നിരീക്ഷണ നിയന്ത്രണം (പഞ്ചിംഗ്).

പഞ്ചിംഗ് സമ്പ്രദായം എല്ലാ വകുപ്പു തലവൻമാരുടെയും ഓഫീസുകളിലും ജില്ലാതല ഓഫീസുകളിലും സെക്രട്ടേറിയറ്റിലും ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉത്തരവായിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ സെക്രട്ടേറിയറ്റ് അനക്സ്, ഡി.പി.ഐ., ഡി.എച്ച്.എസ്., തൃശ്ശൂർ സിവിൽ സ്റ്റേഷൻ, കണ്ണൂർ സിവിൽ സ്റ്റേഷൻ,

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

കൊല്ലം സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം കളക്ടറേറ്റ് എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഉപകരണങ്ങളും അവ സ്ഥാപിക്കുന്ന ജോലികളും നിർവഹിച്ചത് കെൽട്രോണാണ്. എന്നാൽ പിന്നീടുണ്ടായ അറ്റകുറ്റപ്പണികളും പുതിയ തിരിച്ചറിയൽ കാർഡ് നൽകുന്ന ജോലികളും അവർ യഥാകാലം ചെയ്തിട്ടില്ല. പഞ്ചിംഗ് പല ഓഫീസുകളിലും കൃത്യമായി നടക്കുന്നില്ല.

3. മൂന്നാമത് റിപ്പോർട്ട്:—(1) ജി. ഒ. (എം.എസ്.) 28/99/ഉഭപവ തീയതി 17-12-1999 (2) ജി. ഒ. (എം.എസ്.) 2/2000/ഉഭപവ തീയതി 2-2-2000.

1. ധനപരമായ പരിഷ്കാരങ്ങൾ

2. ഭരണ വകുപ്പിന്റെയും വകുപ്പദ്ധ്യക്ഷൻമാരുടെയും അധികാരം വർദ്ധിപ്പിക്കുക

3. സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക

ഭരണ വകുപ്പിന്റെയും വകുപ്പദ്ധ്യക്ഷൻമാരുടെയും നിലവിലുള്ള ധനപരമായ അധികാരങ്ങൾ വളരെ കൊല്ലങ്ങൾക്കു മുമ്പേ നിജപ്പെടുത്തിയിട്ടുള്ളതാണ്. ഇവ ഉയർത്താൻ ഭരണ പരിഷ്കാര കമ്മിറ്റി നൽകിയ ശുപാർശകൾ ഈ ഉത്തരവിൽ അംഗീകരിച്ചിട്ടുണ്ട്. ഈ ശുപാർശകൾ പരിശോധിച്ച് അധികാരങ്ങൾ വർദ്ധിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചു കഴിഞ്ഞു.

4. നാലാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 27/99/ഉഭപവ തീയതി 17-12-1999 പേഴ്സണൽ റിഫോംസ് (ഭാഗം 1)

1. കഴിവ് മെച്ചപ്പെടുത്തൽ

2. നിയമന-സ്ഥാന നിർണ്ണയം

3. അച്ചടക്കം

സ്റ്റാഫ് ട്രെയിനിംഗ് പോളിസി രൂപീകരിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ ഐ.എം.ജി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റം സംബന്ധിച്ച ഡേറ്റാ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടികൾ പല വകുപ്പുകളിലും എടുത്തുവരുന്നു.

ഓഫീസുകളിൽ ജീവനക്കാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടോയെന്നും പരിശോധിക്കാൻ പല ആഫീസുകളിലും പഞ്ചാലിറ്റി ഗ്രൂപ്പുകളും ഇൻസ്പെക്ഷൻ സ്കാഡും രൂപീകരിച്ചിട്ടുണ്ട്.

5. ആറാമത് റിപ്പോർട്ട്:—ജി. ഒ. (എം.എസ്.) 20/2000/ഉഭപവ തീയതി 21-8-2000.

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളും നടപടിക്രമം ലഘൂകരിക്കുന്നത് സംബന്ധിച്ച്—

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളം പേസ്ലിപ്പ് സമ്പ്രദായത്തിൽ നിന്നും മാറ്റി എസ്റ്റാബ്ലിഷ്മെന്റ് പേബിൽ സമ്പ്രദായത്തിലേക്ക് മാറ്റണമെന്ന ഭരണ പരിഷ്കാര കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ച് ഉത്തരവായി. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദമായ ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ ധനകാര്യ വകുപ്പിൽ എടുത്തു വരുന്നു.

വിവിധ തലങ്ങളിൽ പരിശോധനയിലിരിക്കുന്ന അവശേഷിക്കുന്ന റിപ്പോർട്ടുകൾ:

6. അഞ്ചാമത് റിപ്പോർട്ട്:—വിവിധ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ. ഈ റിപ്പോർട്ടിൽ ലാന്റ് റവന്യൂ വകുപ്പ്, ലാൻഡ് ബോർഡ്, രജിസ്ട്രേഷൻ വകുപ്പ്, സർവ്വേ ആന്റ് ലാൻഡ് റിക്കാർഡ്സ് വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നീ വകുപ്പുകളുടെ ഭരണ പരിഷ്കാരം സംബന്ധിച്ച ശുപാർശകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ ശുപാർശ കളിന്മേൽ വകുപ്പു സെക്രട്ടറിമാരുടെയും വകുപ്പു തലവൻമാരുടേയും അഭിപ്രായം ആരാഞ്ഞിരിക്കയാണ്.

7. ഏഴാമത് റിപ്പോർട്ട്:—കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും നിലവിലുള്ള എല്ലാ നിയമങ്ങളും പരിഷ്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോ കമ്മീഷൻ രൂപീകരിക്കാൻ ഏഴാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നു. ഇതിന്റെ വിവിധ വശങ്ങൾ നിയമ വകുപ്പിൽ പരിശോധിച്ചു വരുന്നു.

8. എട്ടാമത് റിപ്പോർട്ട്:—പട്ടികജാതി, പട്ടികവർഗ്ഗ, കിർത്താഡ്സ്, സോഷ്യൽ വെൽഫയർ എന്നീ വകുപ്പുകളിലെ പരിഷ്ക്കാരങ്ങൾ സംബന്ധിച്ചിട്ടുള്ള താണ്. ഈ റിപ്പോർട്ടിലെ ശുപാർശ 12-5-03-ലെ 10/03/ഉഭവ നമ്പർ (എം.എസ്.) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

9. ഒൻപതാമത് റിപ്പോർട്ട്:—ഉദ്യോഗസ്ഥ പരിഷ്കാരം സംബന്ധിച്ച ശുപാർശകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ റിപ്പോർട്ടിലെ ശുപാർശകൾ വകുപ്പദ്ധ്യക്ഷൻമാരും സെക്രട്ടറിമാരും അടങ്ങുന്ന കമ്മിറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല കമ്മിറ്റിയും മന്ത്രിസഭാ ഉപസമിതിയും പരിശോധിച്ചു. മന്ത്രിസഭായോഗത്തിനുള്ള ഈ റിപ്പോർട്ട് മന്ത്രിസഭ പരിഗണിക്കുകയും സെക്രട്ടറിയേറ്റിലെ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആദ്യവട്ടച്ചർച്ചകൾ 19-9-2003-ൽ നടന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

10. പത്താമത് റിപ്പോർട്ട്:

പൊതുമരാമത്ത് മേഖലയിലെ പരിഷ്ക്കാരങ്ങൾ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്. ഈ റിപ്പോർട്ടിലെ ശുപാർശകൾ 30-4-2003-ലെ 9/03 ഉഭപവ നമ്പർ (എം.എസ്.) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു.

11. പതിനൊന്നാമത് റിപ്പോർട്ട്:

സർക്കാരും പൊതുമേഖല സ്ഥാപനങ്ങളും തമ്മിലുള്ള പ്രതിപ്രവർത്തനതലം സംബന്ധിച്ചുള്ള പരിഷ്ക്കാരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ റിപ്പോർട്ടിലെ ശുപാർശകൾ 29-5-2003-ലെ 14/03 ഉഭപവ നമ്പർ (എം.എസ്.) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

12. പന്ത്രണ്ടാമത് റിപ്പോർട്ട്:

ആരോഗ്യ സേവന മേഖലയിലെ പരിഷ്കാരങ്ങൾ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്. ഈ റിപ്പോർട്ടിലെ ശുപാർശകൾ 6-10-2003-ലെ 32/03/ഉഭപവ നമ്പർ (എം.എസ്.) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു.

13. പതിമൂന്നാമത് റിപ്പോർട്ട്:

അധിക വികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപനവൽക്കരണ ശുപാർശകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ റിപ്പോർട്ടിലെ ശുപാർശകൾ 5-12-2003-ലെ 35/03/ഉഭപവ നമ്പർ (എം.എസ്.) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു.

14. പതിനാലാമത് റിപ്പോർട്ട്:

സെക്രട്ടേറിയറ്റ് പരിഷ്ക്കാരം സംബന്ധിച്ച ശുപാർശകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതല കമ്മിറ്റി ഈ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചു. ഈ ശുപാർശകൾ പരിശോധിക്കാൻ മന്ത്രിസഭായോഗം മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തി. മന്ത്രിസഭാ ഉപസമിതി ഈ റിപ്പോർട്ട് പരിശോധിച്ചു. ഈ റിപ്പോർട്ടു മന്ത്രിസഭ പരിഗണിക്കുകയും സെക്രട്ടേറിയറ്റിലെ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആദ്യവട്ട ചർച്ചകൾ 19-9-2003-ൽ നടത്തി തുടർ ചർച്ചകൾ നടത്തുന്നതിനായി തീയതി തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

15. പതിനഞ്ചാമത് റിപ്പോർട്ട്:

സർക്കാർ നവീകരണം സംബന്ധിച്ച ശുപാർശകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ശുപാർശകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയും മന്ത്രിസഭാ ഉപസമിതിയും പരിശോധിച്ചശേഷം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി 9-6-2003-ൽ ഈ റിപ്പോർട്ട് ഭാഗികമായി പരിശോധിക്കുകയും പൂർണ്ണമായി പിന്നീട് പരിശോധിക്കാനും തീരുമാനിച്ചു. പുനർ തീയതി തീരുമാനിച്ചിട്ടില്ല.

അനുബന്ധം V

[18-3-2005-ലെ 12 (3063)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

1.	ജില്ലാ പട്ടികജാതി വികസനം	..	1
2.	കേരള വാട്ടർ അതോറിറ്റി	..	3
3.	ഹിന്ദുമത ധർമ്മ സ്ഥാപനം	..	1
4.	ക്ഷീര വികസനം	..	1
5.	ജില്ലാ പ്ലാനിംഗ് ഓഫീസ്	..	2
6.	ജോയിന്റ് രജിസ്ട്രാർ സഹകരണം	..	1
7.	ജില്ലാ രജിസ്ട്രാർ	..	5
8.	ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്	..	6
9.	ഇറിഗേഷൻ ഓഫീസ്	..	1
10.	ജില്ലാ ലേബർ ഓഫീസ്	..	1
11.	ജില്ലാ ഭാഗ്യക്കുറി ഓഫീസ്	..	1
12.	ജില്ലാ വിദ്യാഭ്യാസ വകുപ്പ്	..	11
13.	ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്	..	1
14.	ജില്ലാ മെഡിക്കൽ ഓഫീസ്	..	4
15.	കാസർഗോഡ് മുൻസിപ്പാലിറ്റി	..	2
16.	മൃഗസംരക്ഷണം	..	1
17.	പട്ടികവർഗ്ഗ വികസനം	..	1
18.	ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	..	1
19.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നാഷണൽ ഹൈവേ	..	1
20.	വാണിജ്യ നികുതി	..	3
21.	മണ്ണ് സംരക്ഷണം	..	1
22.	അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ	..	2
23.	ജില്ലാ സപ്ലൈ ഓഫീസ്	..	2

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[18-3-2005-ലെ 27 (3078)-ന്റെ ഉത്തരം കാണുക]

തടവുകാരുടെ ശിക്ഷ ഇളവുചെയ്ത് മോചിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമം : മോചിപ്പിക്കാവുന്നവരുടെ പേരുകൾ ശുപാർശ ചെയ്യുന്നതിന് ജയിൽ അഡ്വൈസറി ബോർഡ്, പ്രിസൺ റിവ്യൂ കമ്മിറ്റി എന്നിങ്ങനെ രണ്ട് കമ്മിറ്റി സംവിധാനങ്ങളുണ്ട്. അവയുടെ ശുപാർശ പരിശോധിച്ച് അംഗീകരിക്കുന്ന തടവുകാരെ ക്രിമിനൽ പ്രൊസീജിയർ കോഡിലെ ബന്ധപ്പെട്ട സെക്ഷനുകൾ പ്രകാരം വിടുതൽ ചെയ്യുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരോൾ അനുവദിക്കുന്നതിന് നിലവിൽ ബന്ധപ്പെട്ട ജയിൽ ചട്ടങ്ങൾ പ്രകാരം രണ്ടുതരം അവധികൾ അനുവദിക്കുന്ന നടപടി ക്രമങ്ങളാണ് സ്വീകരിച്ചു വരുന്നത്. സാധാരണ അവധിയും അടിയന്തിര അവധിയും കൂടാതെ തുറന്ന ജയിലിലെ തടവുകാർക്ക് മാത്രമായി വർഷത്തിലൊരിക്കൽ 15 ദിവസത്തെ ഹോം ലീവും അനുവദിക്കാൻ കഴിയും. ഒരു വർഷവും അതിനുമേലും തടവിന് വിധിക്കപ്പെട്ടതും നല്ല പെരുമാറ്റമുള്ളവരുമായ തടവുകാരിൽ അവരുടെ ശിക്ഷയുടെ മുന്നിൽ ഒന്നോ രണ്ടു വർഷമോ ഏതാണ് കുറവ് അതനുഭവിച്ചവർക്ക് പരമാവധി 30 ദിവസം വരെ സാധാരണ അവധിക്ക് അർഹത ഉണ്ട്. അടിയന്തിരാവധിക്ക് കാരണത്തിന്റെ നിജസ്ഥിതി സംബന്ധിച്ച് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. അടിയന്തിരാവധി ജയിൽ വകുപ്പിന് 10 ദിവസം വരേയും സർക്കാരിന് 15 ദിവസംവരേയും ഒരുതവണ അനുവദിക്കാം.

അനുബന്ധം VII

[18-3-2005-ലെ 146 (3200)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

Sl. No.	*Name of Institution (1-9-2004—16-3-2005)*		*Amount*
1	Aluva Sangeetha Sabha	..	15,000
2	Appan Thampuran Smarakam	..	65,000
3	A.R. Smarakam	..	50,000
4	Asan Memorial, Thonnakkal	..	75,000
5	Cherukadu Smarakam, Perinthalmanna	..	25,000
6	Cultural Society of Angamali	..	25,000
7	Gandhi Seva Sadan, Palakkad	..	2,00,000
8	Guru Gopinath Natana Gramam, Trivandrum	..	6,00,000
9	Jawahar Balabhavan, Alappuzha	..	1,50,000
10	Jawahar Balabhavan, Kollam	..	1,05,000
11	Jawahar Balabhavan, Kottayam	..	1,75,000

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII—(തുടർച്ച)

Sl. No.	*Name of Institution (1-9-2004—16-3-2005)*		*Amount*
12	Jawahar Balabhavan, Thrissur	..	1,65,000
13	Jawahar Balabhavan, Trivandrum	..	2,50,000
14	Kalabharathy, Trivandrum	..	1,00,000
15	Kannassa Smarakam	..	50,000
16	Kerala Kalarangam, Kollam	..	5,000
17	Kottarathil Sankunni Smaraka Trust	..	25,000
18	Kumaranasan Smarakam, Kayikkara	..	25,000
19	Kunchan Nambiar Smarakam, Ambalapuzha	..	40,000
20	Kunchan Nambiar Smarakam, Killikurissimangalam	..	80,000
21	Mahakavi P Smarakam	..	30,000
22	Mangad Kala Theatres, Kollam	..	5,000
23	Margi, Trivandrum	..	4,50,000
24	MBS Youth Quire, Trivandrum	..	10,000
25	Moyinkutty Vaidhiar Smarakam, Kondotti	..	50,000
26	N. Krishna Pillai Foundation	..	33,000
27	Navarangam, Mayyanadu	..	15,000
28	Noopura, Trivandrum	..	25,000
29	P. K. Parameswaran Nair Trust	..	33,000
30	Rangaprabh, Trivandrum	..	25,000
31	Sahodharan Ayyappan Smarakam	..	30,000
32	Shadkala Govinda Marar Smarakam	..	25,000
33	Swathy Thirunal Sangeetha Sabha, Trivandrum	..	25,000
34	Thripoonithura Kathakali Kendram	..	10,000
35	Thunchan Memorial, Thiroor	..	1,50,000
36	Ulloor Memorial, Trivandrum	..	30,000
37	Unnai Warrier Smaraka Kalasamithy, Trissur	..	2,50,000
38	Vikas Kalasamithy, Kollam	..	10,000
39	Yogakshema Kalarangam, Amayannur	..	1,00,000
40	K.P. Kesava Menon Memorial Trust, Thanur	..	10,000
41	Kumpalam Sangeethakalayalayam	..	10,000
42	Edasseri Smaraka Samithy, Ponnani	..	25,000
43	Vayalar Ramavarma Memorial Trust, Tvm.	..	50,000
44	Athaghosha Committee, Thripoonithura	..	50,000
45	Music Therapy Foundation	..	50,000
46	Bharath Bhavan, Tvm.	..	2,05,000

LIBRARY ARCHIVES Kerala Legislative Assembly